# നമ്മുടെ ഇസ്‌ലാം - 4

സത്യ സരണി

# അനുഷ്ഠാന കർമ്മങ്ങൾ

ഇസ്ലാമിക വിശ്വാസ കാര്യങ്ങൾ യുക്ത്യാധിഷ്ടിതവും മററു വിശ്വാസ സംഹിതകളിൽ നിന്ന് തികച്ചും വ്യത്യസ്തവുമാണെന്ന് നാം ഗ്രഹിച്ചു കഴിഞ്ഞു. ഇസ്ലാമിലെ അനുഷ്ഠാനാചാരങ്ങളുടെ നിലയും ഇതിൽ നിന്ന് ഭിന്നമല്ല. മനുഷ്യൻെറ ശാരീരിക ആരോഗ്യത്തെയോ മാനസിക സുസ്ഥിതിയെയോ സാമൂഹിക സാംസ്കാരിക അസ്തിത്വത്തേയോ പ്രതികൂലമായി ബാധിക്കുന്ന അനുഷ്ഠാന മുറകൾ ഇസ്ലാം അനുശാസിക്കുന്നില്ല. ഇസ്ലാം മനുഷ്യ പ്രകൃതിയുടെ ശബ്ദമാണ്. മാനുഷിക പ്രകൃതിക്ക് അതീതമായ കർമങ്ങൾക്ക് പ്രസക്തിയില്ല.

മനുഷ്യ നിർമിതങ്ങളായ അനുഷ്ഠാന മുറകൾ കണ്ടും ആചരിച്ചും ശീലിച്ചവരാണ് നാം. അവയിൽ മിക്ക കർമങ്ങളും വിശ്വാസിക്ക് സ്വയം അനുഷ്ഠിക്കാവുന്നവയല്ല. പുരോഹിതൻെറയോ കാർമികൻെറയോ പങ്കാളിത്തം അവയുടെ സാധുതക്ക് അനിവാര്യമാണ്. പലതിനും വൻ സാമ്പത്തിക ചെലവുണ്ട്. പുരോഹിതരുടെ കാർമികത്വത്തിൽ പണം ചെലവഴിച്ച് പ്രസാദിപ്പിക്കേണ്ടവനാണ് ദൈവമെന്ന മിഥ്യാധാരണയിലേക്കാണ് ഇവയത്രയും മനുഷ്യനെ നയിക്കുന്നത്. ചില ദൈവങ്ങളെ പ്രീതിപ്പെടുത്താൻ മദ്യസേവ നടത്തണമെങ്കിൽ മററു ചിലർക്ക് വേണ്ടി മനുഷ്യൻ ഉടുതുണി ഉരിഞ്ഞ് നഗ്ന പ്രദക്ഷിണം നടത്തുകയും ചിലപ്പോഴൊക്കെ നരബലി പോലും നടത്തുകയും വേണം. പൗരോഹിത്യ നിർമിതങ്ങളായ അനുഷ്ഠാന ചടങ്ങുകളിൽ പുരോഹിതരുടെ മേൽക്കോയ്മയും സാമ്പത്തിക ചൂഷണവും മുഴച്ചു നിൽക്കുന്നത് കാണാം.

ഇത്തരം ന്യൂനതകളിൽ നിന്നെല്ലാം മുക്തവും ലളിതവുമാണ് ഇസ്ലാമിലെ കർമ പദ്ധതി. ആരാധനാലയങ്ങളുടെ നാലു ഭിത്തികൾക്കുള്ളിലോ ഏതാനും പുണ്യസ്ഥാനങ്ങളുടെ വൃത്തത്തിലോ മാത്രം അവ പരിമിതമല്ല. മനുഷ്യൻെറ സാമൂഹിക സാമ്പത്തിക,

വൈജ്ഞാനിക മേഖലകളെ അത് ആമൂലം ചൂഴ്ന്ന് നിൽക്കുന്നു. ഈ കർമ പദ്ധതിയിൽ രണ്ടു സാക്ഷ്യ വചനങ്ങളുടെ പ്രഖ്യാപനം, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ അഞ്ചു കാര്യങ്ങൾ അതീവ പ്രാധാന്യമർഹിക്കുന്നവയാണ്. ഇവയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം നമുക്ക് തുടർന്നു പഠിക്കാം.

## രണ്ടു സാക്ഷ്യവചനങ്ങളുടെ പ്രഖ്യാപനം.

" അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാകുന്നു". എന്നീ രണ്ടു വചനങ്ങൾ സർവാത്മനാ അംഗീകരിച്ചു പ്രഖ്യാപിച്ചാൽ മാത്രമെ ഒരാൾ മുസ്ലിമാവുകയുള്ളു. വചനങ്ങൾ ഹ്രസ്വമാണെങ്കിലും അവയുടെ ആശയബാഹുല്യം മനുഷ്യ ജീവിതത്തെ പൂർണ്ണമായും പരിവർത്തിപ്പിക്കാൻ മാത്രം വിശാലവും ശക്തവുമാണ്. പ്രപഞ്ച സ്രഷ്ടാവും സംവിധായകനുമായ അല്ലാഹുവിനെയല്ലാതെ താൻ ആരാധിക്കുകയില്ലെന്നും അവനൊഴികെ മററാരാളോടും ആരാധനാ ഭാവം പോലും പുലർത്തുകയില്ലെന്നുമുള്ള ഈ പ്രഖ്യാപനം, ദിവ്യത്വത്തെക്കുറിച്ച് മനുഷ്യൻ പരമ്പരാഗതമായി പടുത്തുയർത്തിയ അത്യുന്നത സൗധങ്ങളെ ചീട്ടുകൊട്ടാരം കണക്കെ തകർത്തെറിയുന്നു.

അല്ലാഹുവിൻെറ സൃഷ്ടികളായ നിരവധി അചേതന സചേതന വസ്തുക്കളിൽ ദിവ്യത്വം ആരോപിക്കുകയും അവക്കു മുമ്പിൽ ഭക്തിപുരസ്സരം ആരാധനാ നിമഗ്നനായി നിൽക്കുകയും ചെയ്യുന്നവർ മനഷ്യരിൽ ധാരാളമുണ്ട്. മനുഷ്യ കരങ്ങൾ രൂപകൽപ്പന നൽകിയ ശിലാ പ്രതിമകൾക്ക് മുമ്പിൽ ഭക്തിയോടെ പ്രണമിക്കുന്നവർ, ഇഴ ജന്തുക്കളിലും പറവകളിലും ദിവ്യത്വം ദർശിച്ച് അവക്ക് മുമ്പിൽ നമ്രശിരസ്കരായി നിൽക്കുന്നവർ, ഇതിഹാസ കഥാപാത്രങ്ങളെയും പുണ്യ പുരുഷൻമാരെയും ആരാധനാ മൂർത്തികളാക്കുന്നവർ, രാജാക്കൻമാരെയും പുരോഹിതൻമാരേയും ദൈവാവതാരങ്ങളായി വാഴ്ത്തുന്നവർ, മനുഷ്യൻെറ ദിവ്യത്വ സങ്കല്പങ്ങളുടെ പട്ടിക അങ്ങനെ നീണ്ടുപോകുന്നു.



അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് പ്രഖ്യാപിക്കുന്നതോടെ മനുഷ്യനെ വരിഞ്ഞു മുറുക്കിയിരുന്ന ദിവ്യത്വ സങ്കല്പങ്ങളുടെ ചങ്ങലക്കെട്ടുകൾ അറുത്തുമാററപ്പെടുന്നു. ദൈവത്തിൻെറ സൃഷ്ടികളിൽ ആരോപിക്കപ്പെട്ടിരുന്ന ദിവ്യത്വം പെറുക്കാനാവാത്ത അന്ധവിശ്വാസമായിരുന്നുവെന്ന് മനുഷ്യന് ബോധ്യം വരുന്നു.

സർവ ചരാചരങ്ങളും അല്ലാഹുവിൻെറ സൃഷ്ടികളായിരിക്കെ അവയിൽ ചിലത് മററു ചിലതിന് ദിവ്യത്വ പദവി നൽകുന്നതിലെ യുക്തി രാഹിത്യവും ബുദ്ധി ശൂന്യതയും മനുഷ്യനെ സ്വതന്ത്ര ചിന്തയുടെ നവലോകത്തേക്ക് ആനയിക്കുന്നു.

സാക്ഷ്യ വചനങ്ങളുടെ നിഷ്കാമ പ്രഖ്യാപനത്തിലൂടെ ഇസ്ലാമിക വൃത്തത്തിൽ ഇടം കണ്ടെത്തുന്ന മനുഷ്യൻെറ ജീവിതം നിയന്ത്രിക്കുന്നത് അല്ലാഹുവിൻെറ ആജ്ഞകൾ മാത്രമായിരിക്കും. അവൻെറ സാമൂഹിക ബന്ധങ്ങൾ, സാമ്പത്തിക വ്യവഹാരങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, എല്ലാമെല്ലാം അല്ലാഹുവിൻെറ കൽപ്പനാ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും. അല്ലാഹുവിൻെറ വിധികൾക്കും വിലക്കുകൾക്കും വിരുദ്ധമായ സിദ്ധാന്തങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും നിയമ നിർമാണങ്ങൾക്കും ജീവിത രീതിക്കും അവൻെറ ജീവിതത്തിൽ അശേഷം സ്വാധീനമുണ്ടായിരിക്കയില്ല. സാക്ഷ്യ വചനങ്ങളുടെ അർത്ഥ വ്യാപ്തി മനുഷ്യ ജീവിതത്തെ സമൂലം പരിവർത്തിപ്പിക്കാൻ മാത്രം ശക്തമാണെന്ന് നാം മുകളിൽ പറയാൻ കാരണമിതാണ്.

മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാണെന്ന രണ്ടാം സാക്ഷ്യവചന പ്രഖ്യാപനം, അല്ലാഹുവിൽ നിന്ന് മനുഷ്യരിലേക്കുള്ള സന്ദേശവാഹകനെന്ന തിരു നബിയുടെ അസാമാന്യ സവിശേഷതയുടെ അംഗീകാരമാണ്. ഈ അംഗീകാരം നാക്കുകളിലും വാക്കുകളിലും മാത്രം പരിമിതമല്ല. ഓരോ വിശ്വാസിയുടേയും ജീവിതത്തിൽ ഇത് പ്രകടമാകേണ്ടതുണ്ട്. അവൻെറ ജീവിതം ആദ്യന്തം അതിന് സാക്ഷ്യം വഹിച്ചേ പററു. മുഴുവൻ ജീവിത മേഖലകളിലും

ആ വിശുദ്ധ പ്രവാചകനെ മാതൃകയായി സ്വീകരിക്കുന്നതിലൂടെ സാക്ഷ്യം നിറവേറ്റപ്പെടുന്നു.

മനുഷ്യൻ അനുകരണ പ്രിയനാണ്. ചില മാതൃകാ പുരുഷൻമാരെ മനസ്സിൽ പ്രതിഷ്ഠിച്ച് ജീവിതത്തിൽ അവരെ അനുകരിക്കാനുള്ള ശ്രമം മനുഷ്യൻ എന്നും ചെയ്തു പോന്നിട്ടുള്ളതാണ്. ഇന്നും അത് നിർവിഘ്നം തുടരുന്നു. കലാ- കാരൻമാർ, ദാർശനികർ, ശാസ്ത്രജ്ഞർ, രാഷ്ട്രമീമാംസകർ, മത നേതാക്കൾ, തുടങ്ങി സിനിമാ താരങ്ങളെ വരെ മനുഷ്യർ ജീവിത യാത്രയുടെ ഏതൊക്കെയോ കോണുകളിൽ പ്രതി- ഷ്ഠിച്ചു അനുകരിച്ചു വരുന്നു. അന്ധവും അപ്രമാണികവുമായ ഈ അനുകരണം പലപ്പോഴും സാമൂഹിക സദാചാര തകർച്ചക്കും അരാജകത്വത്തിനും കാരണമായിട്ടുണ്ടെന്നു ഇന്ന് അവിതർക്കിതമാണ

സാക്ഷ്യ വചനങ്ങൾ പ്രഖ്യാപിച്ച ഒരു മുസ്ലിം ഇതിൽ നിന്ന് ഭിന്നനാണ്. അവൻെറ അനുകരണ ഭ്രമവും അനു- ധാവന ത്വരയും പ്രവാചകനിൽ മാത്രമായിരിക്കും. അദ്ദേഹമാകട്ടെ, അല്ലാഹുവിനാൽ മാർഗദർശനം നൽകപ്പെട്ട പ്രാമാണിക വ്യക്തിത്വമാണ്. ആ പ്രവാചകനെ അനുകരിക്കു- ന്നതിലൂടെ ആരോഗ്യമുള്ള വ്യക്തിജീവിതവും ബലിഷ്ഠമായ സാമൂഹിക ബന്ധങ്ങളും സൃഷ്ടിച്ചെടുക്കാൻ മനുഷ്യൻ കെൽ പ്പുററവനായിത്തീരുന്നു. ബന്ധവിഛേദങ്ങൾക്കോ അരാജക- ത്വത്തിനോ ആ മഹദ് ജീവിതത്തിൽ ഇടമില്ല. പ്രവാചക ജീവിതത്തിലെ പ്രശോഭിതമായ ചരിത്ര യാഥാർത്ഥ്യങ്ങൾ ഇന്നും അതിനുള്ള സാക്ഷ്യം വിളിച്ചോതുന്നുണ്ട്.

ജീവിതം കയ്പും മധുരവും നിറഞ്ഞ സമിശ്രമാ- ണല്ലോ. അതിലെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളുമായി വടംവലി- യിലേർപ്പെടുമ്പോഴും മധുകണങ്ങളാസ്വദിച്ച് ആനന്ദിക്കു- മ്പോഴും രണ്ടാം സാക്ഷ്യവചനം പ്രഖ്യാപിച്ച വിശ്വാസിയിൽ പ്രവാചക മാതൃകക്ക് വിരുദ്ധമായതൊന്നും പ്രകടമാവു- കയില്ല. കാരണം, സാക്ഷ്യവചന പ്രഖ്യാപനം അന്നുവരെ



ഉണ്ടായിരുന്ന അവൻെറ ജീവിത വീക്ഷണത്തെ സമ്പൂർ- ണ്ണമായി മാററിയിരിക്കുന്നു.

## നമസ്കാരം

ഇസ്ലാമിക ആരാധനാ കർമങ്ങളിൽ പ്രഥമ ഗണനീയമാണ് നമസ്കാരം. ബുദ്ധിയുള്ള പ്രായപൂർത്തിയായ എല്ലാ വിശ്വാസികളും ദിവസേന അഞ്ചു നേരങ്ങളിലായി അത് നിർവഹിക്കേണ്ടത് നിർബന്ധമാണ് വിശ്വാസിയുടെയും അവിശ്വാസിയുടെയും മദ്ധ്യേയുള്ള പ്രധാന വ്യത്യാസം നമസ്കാരമാണെന്നും നമസ്കാരം ഉപേക്ഷിച്ചവർ അവിശ്വാ- സിയാണെന്നും മുഹമ്മദ് നബി (സ) പറഞ്ഞതായി ഉദ്ധരി- ക്കപ്പെട്ടിട്ടുണ്ട്. വിശ്വാസിയും നമസ്കാരവും തമ്മിലുള്ള ബന്ധം എത്രമാത്രമാണെന്ന് ഗ്രഹിക്കാൻ ഇതിൽ കൂടുതൽ വിശദീകരണം ആവശ്യമില്ല.

നമസ്കാരം മുറപ്രകാരം ഭക്തിനിർഭരമായി നിർവഹി ക്കുന്നവന് അതിൽ നിന്ന് ലഭിക്കുന്ന നിർവൃതി അവാച്യ- മാണ്. ജീവിത വ്യവഹാരങ്ങളുടെ സങ്കീർണതകളിൽ ആടി- യുലയുന്ന മനുഷ്യർ, ആധിയുടേയും വ്യാധിയുടേയും നെരി- പ്പോടിൽ വെന്തെരിയുന്നവർ ഭക്തിസാന്ദ്രമായ നമസ്കാ- രത്തിലൂടെ ശാന്തിയുടെ തീരത്തെത്തുന്നു. നമസ്കാരം കഴിയുന്നതോടെ വ്യഥകൾ അപ്രത്യക്ഷമാവുകയും അവർണ- നീയമായ ഒരനുഭൂതി വിശ്വാസിയെ ആശ്ലേഷിക്കുകയും ചെയ്യുന്നു. നബി (സ) ഒരിക്കൽ പറയുകയുണ്ടായി "എനിക്ക് കൺകുളിർമ ലഭിക്കുന്നത് നമസ്കാരത്തിലാണ്."

നമസ്കാരം ആത്മാവില്ലാത്ത ജാടയോ ചൈതന്യ- മില്ലാത്ത ചടങ്ങോ അല്ല. വിശ്വാസിയുടെ ജീവിതത്തിൽ അനുവർത്തിക്കേണ്ട നിരവധി പാഠങ്ങൾ അതിൽ ഉൾ- ചേർന്നിട്ടുണ്ട്.

അല്ലാഹുവിനോട് പരമമായ താഴ്മയും വിനയവും പ്രകടിപ്പിച്ച് കൊണ്ട് മക്കയിലെ കഅ്ബാലയത്തെ അഭിമുഖീ- കരിച്ചു കൊണ്ടാണ് വിശ്വാസി നമസ്കരിക്കാൻ നിൽക്കുക.

ആ നിറുത്തത്തിൽ അവൻ ഒരു ലോക സമൂഹത്തിലെ അവിച്ഛേദ്യ കണ്ണിയായി മാറുന്നു. കഅ്ബാലയത്തെ അഭിമുഖീകരിച്ചു നിൽക്കുന്ന മനുഷ്യ സാഗരത്തിലെ ഒരു തുള്ളിയാണ് താനെന്ന ബോധം വിശ്വാസിയുടെ ഹൃദയത്തിലെ അന്യഥാബോധം എടുത്തുകളയുകയും അവനിൽ ആത്മവിശ്വാസവും അഭിമാനവും വളർത്തുകയും ചെയ്യുന്നു.

"അല്ലാഹു അക്ബർ" എന്ന തക്ബീർ ധ്വനിയോടെയാണ് വിശ്വാസികൾ നമസ്കാരത്തിന് തുടക്കം കുറിക്കുന്നത്. അതിശക്തമായ ഒരു പ്രഖ്യാപനമാണ് അല്ലാഹു അക്ബറിലൂടെ വിശ്വാസി നടത്തുന്നത്. വിശ്വാസികൾ ദിവസേന ചുരുങ്ങിയത് തൊണ്ണൂററി നാല് പ്രാവശ്യമെങ്കിലും ഈ മഹദ് പ്രഖ്യാപനം ആവർത്തിച്ചിരിക്കണം. അല്ലാഹുവാണ് ഏററവും വലിയവൻ എന്നാണ് അതിൻെറ ഭാഷാർത്ഥം. ഈ പ്രപഞ്ചത്തിലെ അഖില വസ്തുക്കളെക്കാളും തനിക്ക് പ്രിയപ്പെട്ടതും പ്രധാനപ്പെട്ടതും അല്ലാഹു മാത്രമാണെന്ന് സാരം.

പരസ്പര വിരുദ്ധങ്ങളായ കാര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമ്പോഴെല്ലാം മനുഷ്യ മനോതലങ്ങളിൽ വിസ്ഫോടനാത്മകമായ സംഘട്ടനം നടക്കാറുണ്ട്. ഭൗതിക ലാഭ ചേതങ്ങളുടെ മാനദണ്ഡം മുമ്പിൽ വെച്ചുകൊണ്ടാണ് പിന്നീട് മനുഷ്യൻ അതിൽ തീർപ്പു കൽപ്പിക്കുക. നേട്ടമുള്ളത് സ്വീകരിക്കുകയും അല്ലാത്തവ തള്ളുകയും ചെയ്യും. പക്ഷെ, അല്ലാഹു അക്ബർ എന്ന് ഉരുവിടുന്ന വിശ്വാസിയുടെ നില ഇതിൽ നിന്ന് തികച്ചും ഭിന്നമായിരിക്കും. ജീവിത വ്യവഹാരങ്ങൾക്കിടയിൽ രണ്ടു കാര്യങ്ങളിലുണ്ടാകുന്ന സംഘട്ടനത്തിൽ ഭൗതിക ലാഭ ലോഭങ്ങൾ അവനെ സ്വാധിനിക്കുകയില്ല. അല്ലാഹുവിൻെറ സംതൃപ്തി ഏതിലാണോ അത് മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ.

അല്ലാഹുവിൻെറ കൽപ്പനാനിർദ്ദേശങ്ങളും മാതാപിതാക്കളുടെ നിർദ്ദേശങ്ങളും പരസ്പര വിരുദ്ധമായാൽ, സ്വന്തം



മാതാപിതാക്കളെ നിഷ്കരുണം ധിക്കരിക്കാൻ വിശ്വാസിക്ക് അൽപ്പവും ആലോചിക്കേണ്ടി വരില്ല. ദിനേന ഉച്ചരിക്കുന്ന തക്ബിറുകൾ അവന് പകർന്നു നൽകുന്ന മനക്കരുത്ത് അത്രമാത്രം ബലിഷ്ഠവും സുശക്തവുമായിരിക്കും.

കൂട്ടുകാരുടേയും നാട്ടുകാരുടേയും സംതൃപ്തിക്കോ ഭാര്യാസന്തതികളുടെ ആനന്ദത്തിനോ വേണ്ടി അല്ലാഹുവിൻെറ നിയമങ്ങൾ ലംഘിക്കുന്നവർ അല്ലാഹു അക്ബറിൻെറ ആശയം ഗ്രഹിക്കാത്തവരാണ്. അവർ അല്ലാഹുവേക്കാൾ വലുതായി ബന്ധു മിത്രാദികളേയും പുത്രകളത്രാദികളേയും പ്രതിഷ്ഠിച്ചിരിക്കയാണ്. ഭൗതികതയുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി അല്ലാഹുവിൻെറ നിയമങ്ങൾ വിൽക്കുന്നവരെ ഖുർആൻ ശക്തമായി താക്കീതു ചെയ്തിട്ടുണ്ട്.

നമസ്കാരം വിനയത്തിൻെറ പരമമായ രൂപമാണ്. നമസ്കാരത്തിൽ ഇരു കൈകളും പലപ്പോഴായി ചുമലുകൾക്ക് നേരെ ഉയർത്തേണ്ടതുണ്ട്. താൻ പൂർണമായി അല്ലാഹുവിന് കീഴടങ്ങിയിരിക്കുന്നു വെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. അധികാരിയുടേയോ ശക്തവാൻെറയോ മുമ്പിൽ ആയുധം വെച്ച് കീഴടങ്ങിയെന്ന് കാണിക്കന്നതിന് ഇരു കൈകളും ചുമലിനു നേരെ ഉയർത്തിയാണ് ഇന്നും മനുഷ്യൻ നിൽക്കാറുള്ളത്. ഭൗതിക സാമൂഹിക ക്രമത്തിൽ എത്ര ഉന്നതരായിരുന്നാലും സൃഷ്ടാവായ അല്ലാഹുവിന് മുമ്പിൽ നമസ്കരിക്കാൻ നിന്നു കഴിഞ്ഞാൽ അവൻെറ എല്ലാ അധികാരങ്ങളും ആധിപത്യവും പണവും പ്രതാപവും അടിയറ വെച്ച് കീഴടങ്ങുകയായി.

നമസ്കാരത്തിൽ രണ്ടു കൈപത്തികളും കാൽമുട്ടിൽ വെച്ച് കുനിഞ്ഞു നിൽക്കുന്ന ഒരു കർമമുണ്ട്. "റുകൂഅ്" എന്നാണ് ആ അവസ്ഥക്ക് പറയുക. പരമമായ വണക്കത്തിൻെറ മറെറാരു മഹദ് രൂപമാണിത്. ഒരു മുസ്ലിം, ലോകത്ത് ആരുടെ മുമ്പിലും തലകുനിച്ച് വണങ്ങരുതെന്നാണ് ഇസ്ലാമിൻെറ അധ്യാപനം. ഒരു കാലത്ത് നാടുഭരിക്കുന്ന രാജാക്കൾക്ക് മുമ്പിൽ പ്രജകളും, ഉദ്യോഗസ്ഥരും

തല കുനിച്ചു വണങ്ങണമെന്ന നിയമ മുണ്ടായിരുന്നു. ഇന്നും പല രാജ്യങ്ങളിലും അഭിവാദ്യമർ പ്പിക്കുന്ന ചടങ്ങായി ഇത്തരം വണക്കം നിലനിൽക്കുന്നുണ്ട്.

ഇസ്ലാമിൽ ഇത് അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ട കർമമാണ്. അതിൽ മററാരാൾക്കും പങ്കാളിത്തം അനുവദിച്ചു കൂടാ. കാരണം, ഇസ്ലാമിക ദൃഷ്ടിയിൽ മനുഷ്യൻ മററാർക്ക് മുമ്പിലും തലകുനിക്കേണ്ടവനല്ല. മനുഷ്യനെ മനുഷ്യൻെറ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാനാണല്ലോ ഇസ്ലാം ഉദ്ദേശിക്കുന്നത്. സമൂഹത്തിൻെറ അടിത്തട്ടിൽ കിടക്കുന്നവനിൽപോലും ശക്തമായ ആത്മാഭിമാന ബോധം വളർത്തുന്നതിൽ നമസ്കാരത്തിന് അനൽപ്പമായ പങ്കുണ്ടെന്ന് ഇതിൽനിന്ന് ഗ്രഹിക്കാം.

ഒരാൾക്ക് ചെയ്യാവുന്നതിൽ വെച്ചേററവും വലിയ താഴ്മയുടേയും കീഴടങ്ങലിൻേറയും ഉത്തമ രൂപമാണ് സാഷ്ടാംഗം അഥവാ സുജൂദ്. ഇരു കാൽമുട്ടുകളിലും കൈപത്തികളിലും ഊന്നി നിന്ന് നെററിത്തടം നിലത്തു പതിച്ചുകൊണ്ടുള്ള ഈ പ്രണാമം മനുഷ്യൻെറ നിസ്സാരതയും അല്ലാഹുവിൻെറ മഹത്വവും വിളിച്ചറിയിക്കുന്നു. മനുഷ്യൻെറ ബാഹ്യാവയവങ്ങളിൽ പവിത്രമാണ് മുഖം. മനുഷ്യൻെറ സൗന്ദര്യവും ഗാംഭീര്യവും പ്രകടമാകുന്ന കണ്ണാടി, അത് സുന്ദരമക്കാനും മിനുക്കാനും ആയിരക്കണക്കിന് രൂപയാണ് മനുഷ്യൻ ചിലവഴിക്കുന്നന്. ആ പവിത്രാവയവം നിലത്തുവെച്ചു കൊണ്ട് താൻ അല്ലാഹുവിൻെറ വിനീതനായ ദാസനാണെന്നും തന്നെ സമ്പൂർണമായി അല്ലാഹുവിന് സമർപ്പിച്ചിരിക്കുന്നു വെന്നുമാണ് വിശ്വാസി പ്രഖ്യാപിക്കുന്നത്.

സൃഷ്ടാവായ അല്ലാഹുവിനു മുമ്പിൽ സ്വയം സമ്പൂർണമായി സമർപ്പിച്ചു കൊണ്ട് സാഷ്ടാംഗം പ്രണമിക്കുന്ന ദാസനിൽ അല്ലാഹു പ്രസാദിക്കുന്നു. അവൻെറ അപേക്ഷകൾക്ക് പ്രത്യുത്തരം നൽകുന്നു. അതുകൊണ്ടാണ് മുഹമ്മദ് നബി (സ) അരുളിയത്. "ഒരു ദാസൻ തൻെറ നാഥനുമായി അടുത്തിരിക്കുന്നത് സാഷ്ടാംഗ സമയത്താണ്.



അതിനാൽ താൻ ഇഛിക്കുന്നത് അവൻ ചോദിച്ചുകൊള്ളട്ടെ."

നമസ്കാരത്തിലെ ഏററവും പ്രധാനപ്പെട്ട മറെറാരു ഭാഗം വിശുദ്ധ ഖുർആനിലെ "ഫാത്തിഹ" എന്ന അദ്ധ്യായം പാരായണം ചെയ്യലാണ്. അതിൻെറ സാരം. "സർവ്വലോക രക്ഷിതാവും പരമകാരുണികനും കരുണാനിധിയും, വിചാരണ നാളിൻെറ ഉടമസ്ഥനുമായ അല്ലാഹുവിന്നാണ് സർവ്വ സ്തുതിയും. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം സഹായം തേടുകയും ചെയ്യുന്നു. നീഞങ്ങളെ നേരായ മാർഗ്ഗത്തിലൂടെ നയിക്കേണമെ. നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിലൂടെ. ശപിക്കപ്പെട്ടവരുടെയും വഴി പിഴച്ചവരുടെയും അല്ലാത്ത മാർഗ്ഗത്തിലൂടെ.

ദിവസവും ചുരുങ്ങിയത് അഞ്ച് നേരങ്ങളിലായി നിർബന്ധമായ നമസ്കാരങ്ങളിൽ 17 പ്രാവശ്യം ഈ പ്രാർത്ഥന നിർവഹിക്കേണ്ടതുണ്ട്. നേരായ മാർഗ്ഗത്തിലൂടെ നയിക്കപ്പെടാനുള്ള നിഷ്കളങ്കമായ പ്രാർത്ഥനയാണ് ഇതിലൂടെ നിർവ്വഹിക്കപ്പെടുന്നത്.

Printed and Published by
Sathya Sarani, P.B. No. 23, Manjeri-676121